©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2025 ജൂലൈ 29
29th July 2025
1200 കർക്കടകം 13
13th Karkadakam 1200
1947 ശ്രാവണം 7
7th Sravana 1947

നമ്പർ
No.
2787

1961-ലെ കേരള സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6-ാം വകുപ്പ് പ്രകാരമുള്ള പരസ്യം

നമ്പർ. എ – 194/2024 തീയതി : 16/06/2025

താഴെപറയുന്ന സർവ്വെ ചെയ്തിട്ടില്ലാത്ത ഭൂമിയുടെ സർവ്വെ നടത്തണമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുകയാൽ താഴെപറയുന്ന വില്ലേജുകളിലെ/പ്രദേശങ്ങളിലെ സർവ്വെ പ്രവർത്തനങ്ങൾ വേഗം തന്നെ ആരംഭിക്കുന്നതാണെന്നും താഴെപറയുന്ന വില്ലേജുകളിലെ/ പ്രദേശങ്ങളിലെ സർവ്വെ നമ്പറുകൾ / സ്ഥലങ്ങൾ അതിർത്തി തിരിച്ച് സർവ്വെ ചെയ്യുന്നതാണെന്നും **1961**--ലെ കേരള സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ **6(1)-**-ാം വകുപ്പ് പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു. താഴെപറയുന്ന ഭൂമികളുടെ ഉള്ളിലോ അഥവാ അവയോട് ചേർന്നോ സ്ഥിതിചെയ്യുന്ന രജിസ്റ്റർ ചെയ്ത ഭൂമികളിൽ അവകാശമുണ്ടെന്ന തേർച്ച ചെയ്യുന്ന ഏതൊരാളേയും നേരിട്ടോ ഏജന്റ് മുഖേനയോ സ്ഥലത്ത് ജോലിചെയ്യുന്ന സർവ്വെയറുടെ അടുത്ത് ഹാജരാകുന്നതിനും അതിരുകൾ കാണിച്ചു കൊടുക്കുന്നതിനും അതോടു ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനും വേണ്ടി അതാത് സമയം ആവശ്യപ്പെടു

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മ്പോൾ ഹാജരാകുന്നതിനും വേണ്ടി ഇതിനാൽ ക്ഷണിച്ചുകൊളളുന്നു. പ്രസ്തുത ആക്ടിലെ **6(2)**–ാ൦ വകുപ്പ് പ്രകാരം ഈ പരസ്യം താഴെപറയുന്ന ഭൂമികളിൽ അവകാശ ബന്ധമുളള ഏതൊരാൾക്കുമുളള സാധുവായ നോട്ടീസായി കണക്കാക്കപ്പെടുന്നതാണ്.

പ്രസ്തുത ആക്ടിലെ **6(3)**--ാം വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ കൈവശക്കാരും;

(എ) സർവ്വെ ചെയ്യുന്നതിനുവേണ്ടി നിർമ്മാർജ്ജനം ചെയ്യേണ്ട ആവശ്യം ഉണ്ടായേക്കാവുന്ന വല്ല മരങ്ങളോ കുറ്റിക്കാടുകളോ വേലികളോ നിൽക്കുന്ന വിളകളോ അഥവാ സാരവത്തായ മറ്റു തടസ്സങ്ങളോ 15 ദിവസത്തിനകം മുറിച്ചുകളയുകയോ നീക്കം ചെയ്യുകയോ ചെയ്ത് അതിരുകളോ ലൈനുകളോ വെടിപ്പാക്കണമെന്നും;

(ബി) കൊടി പിടിക്കുന്നവരേയും ചെയിൻമാൻമാരെയും നിയോഗിച്ച് അതത് സമയം ആവശ്യമായേക്കാവുന്ന സമയത്തേക്കും കാലത്തേക്കും തൊഴിലാളികളെ ഏർപ്പെടുത്തണമെന്നും;

(സി) അനുയോജ്യമായ സർവ്വെ അടയാളങ്ങൾ നൽകണമെന്നും മറ്റു പ്രകാരത്തിൽ പ്രസ്തുത ആക്ടോ അതുപ്രകാരമുണ്ടാക്കിയിട്ടുളള ചട്ടങ്ങളോ അനുസരിച്ച് ആവശ്യപ്പെട്ടേക്കാവുന്ന സഹായങ്ങൾ സർവ്വെയർക്ക് നൽകണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു.

മേൽപറഞ്ഞ (എ) മുതൽ (ബി) വരെയുളള ഖണ്ഡങ്ങൾ പ്രകാരമുളള ഈ അഭ്യർത്ഥനകൾ അനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ ജോലി, കൂലിപ്പണിക്കാരെകൊ ് ചെയ്യിക്കുന്നതും ആയതിന്റ ചെലവ് ആക്ടിലും അതുപ്രകാരം ഉണ്ടാക്കിയിട്ടുളള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുളളതു പോലെ വീഴ്ച വരുത്തിയിട്ടുളളവരിൽ നിന്നും വസൂലാക്കേണ്ടതുമാണ്.

ഭൂമിയുടെ വിശദവിവരങ്ങൾ

ജില്ല : മലപ്പുറം

താലൂക്ക് : തിരൂർ **വില്ലേജ്** : പുറത്തൂർ

ദേശം : പുറത്തൂർ ദേശം, എടക്കനാട് ദേശം

സർവ്വെ നമ്പർ : പുറത്തൂർ ദേശം - 160/1, 160/5, 160/6, 160/7, 195/2, 195/10, 195/1, 195/5

എടക്കനാട് ദേശം – 278/3, 276/1, 277/4, 278/5, 278/3

(ഒപ്പ്)
സ്പെഷ്യൽ തഹസിൽദാർ,
എൽ.എ.(ജനറൽ), തിരൂർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.07.29 12:51:19 +05:30